LIBRARY ARCHIVES Kerala Legislative Assembly

വാഗമണ്ണിലെ അനധികൃത ഭൂമി കയ്യേറ്റം

118 [401] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഗമണ്ണിലെ അനധികൃത ഭൂമി കയ്യേറ്റങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ ആരാണ് അന്വേഷണം നടത്തിയതെന്നും അതിന്റെ വിശദാംശം എന്താണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത അന്വേഷണ റിപ്പോർട്ട് എന്നാണ് ലഭിച്ചതെന്നും അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

(ബി) വനം വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും റവന്യൂ സെക്രട്ടറി, ടൂറിസം സെക്രട്ടറി എന്നിവർ അംഗങ്ങളായുമുള്ള കമ്മിറ്റിയാണ് അന്വേഷണം നടത്തിവരുന്നത്. അന്വേഷണത്തിന്റെ ഭാഗമായി ടി കമ്മിറ്റി വാഗമൺ മേഖല സന്ദർശിക്കുകയും പൊതുജനങ്ങളെയും ഇതര തല്പരകക്ഷികളെയും നേരിൽ കേൾക്കുകയും ചെയ്തു.

(സി) അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വനം കയ്യേറിയതു സംബന്ധിച്ച് ജോയിന്റ് വെരിഫിക്കേഷൻ

119 [402] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :

,, കെ. മുഹമ്മദാലി :

,, ടി. യു. രാധാകൃഷ്ണൻ :

ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-1-1977-ന് മുമ്പ് വനം കയ്യേറിയത് തിരിച്ചറിയുന്നതിനുള്ള ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയായിട്ടുണ്ടോ;